കേരള സർക്കാർ

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

# എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ 1993-94-ലെ ഭരണ റിപ്പോർട്ട്

©
കേരള സർക്കാർ
1995

തിരുവനന്തപുരം സർക്കാർ പ്രസ്സിൽ ഗവ : പ്രസ്സുകളുടെ
സൂപ്രണ്ടിനാൽ 1995-ൽ അച്ചടിക്കപ്പെട്ടത്.

## കേരള സർക്കാർ

സംഗ്രഹം

### എക്കണോമിക്സ് ആൻറ് സ്റ്റാററിസ്ററിക്സ് വകുപ്പിൻെറ 1993-94-ലെ ഭരണ റിപ്പോർട്ട്—പ്രത്യവലോകനം ചെയ്ത് ഉത്തരവു പുറപ്പെടുവിക്കുന്നു

ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

ജി. ഒ. (ആർററി) 210/95/പ്ലാനിംഗ്, തിരുവനന്തപുരം 1995 ഏപ്രിൽ 25.

പരാമർശം : 27-1-1995-ലെ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പു ഡയറക്ടറുടെ പി.ബി (ഒന്ന്) 3958/94/ഡി ഇ എസ്. നമ്പർ കത്ത്.

ഉത്തരവ്

1. രേഖപ്പെടുത്തി.
2. റിപ്പോർട്ടു വർഷത്തിൽ ഡോക്ടർ എം. കുട്ടപ്പൻ ഡയറക്ടറായി തുടർന്നു.
3. വകുപ്പിൻെറ വിവിധ പ്രവർത്തനങ്ങൾ :—

കാർഷിക സ്ഥിതിവിവരക്കണക്ക് വിവരം റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഏജൻസി .—കേരളത്തിലെ പ്രധാന കാർഷിക വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി, ഉല്പാദനനിരക്ക്, ജലസേചനം, ഭൂവിനിയോഗ വിവരങ്ങൾ എന്നിവ ശേഖരിക്കുന്നതിനായി കേന്ദ്ര ഗവൺമെൻറിൻെറ സാമ്പത്തിക സഹായത്തോടുകൂടി ആരംഭിച്ച ഈ പദ്ധതിയനുസരിച്ച് 5 വർഷംകൊണ്ട് കേരളത്തിലെ എല്ലാ വില്ലേജുകളിലും പൂർണ്ണ സർവ്വെ നടത്തുവാൻ ഉദ്ദേശിക്കുന്നു. 1992-93-ലെ സർവെ മുഖേന ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

4. കാർഷിക സെൻസസ് വിഭാഗം .—കേന്ദ്രഗവൺമെൻറിൻെറ സമ്പൂർണ്ണ സാമ്പത്തിക സഹായത്തോടെ, അഞ്ചു വർഷത്തിലൊരിക്കൽ നടത്തുന്ന ഒരു പദ്ധതിയാണ് കാർഷികസെൻസസ്. 1990-91-ലെ അഞ്ചാമത്തെ കാർഷിക സെൻസസിൻെറ ഫീൽഡ് ജോലികൾ പൂർത്തിയായി.

5. കൃഷിചെലവ് സർവെ വിഭാഗം .—1993-94 കാർഷിക വർഷത്തിലെ നെല്ല്, തെങ്ങ്, കമുക്, കുരുമുളക്, മരച്ചീനി എന്നീ മുഖ്യവിളകളെയും മൾബറി എന്ന ഉപ വിളയേയും സംബന്ധിച്ചുള്ള കൃഷിചെലവ് സർവെ സംസ്ഥാനത്തെ 38 താലൂക്കുകളിൽ നടന്നു വരുന്നു. 1991-92-ലെ സർവെയുടെ ടാബുലേഷൻ ജോലികൾ പൂർത്തീകരിച്ചു.

3/1719/95/V.

6. വ്യവസായ സ്ഥിതിവിവരക്കണക്കുകൾ.—സംസ്ഥാനത്ത് സമ്പത്ത് വ്യവസ്ഥയിൽ വ്യവസായ മേഖലയുടെ ക്രമാനുഗതമായ വികസനം, അതിന്റെ തോത്, മാതൃക, വേഗത എന്നിവ തിട്ടപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥനം നടത്തി റിപ്പോർട്ടുകൾ ഈ വിഭാഗം തയ്യാറാക്കുന്നു. 1993-94 റിപ്പോർട്ട് വർഷത്തിൽ 1986-87-ലെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചും 1990-91-ലെ ടാബുലേഷൻ ജോലി പൂർത്തിയാക്കി.

7. വേതന ഘടന സർവെ.—നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും മൊത്ത ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെയും കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം തൊഴിലാളികളുടെയും വേതന നിരക്കുകൾ ശേഖരിക്കുകയാണ് ഈ സർവെയുടെ ഉദ്ദേശ്യം. റിപ്പോർട്ടു വർഷത്തിൽ 1992-93 വർഷത്തെ പട്ടികകൾ തയ്യാറാക്കി.

8. വ്യവസായ ഉല്പാദന സൂചിക വിഭാഗം.—വ്യവസായ ഉല്പാദന സൂചിക, വ്യവസായ ഉല്പന്ന മൊത്ത വില നിലവാര സൂചിക എന്നിവ തയ്യാറാക്കി വാർഷിക റിപ്പോർട്ടുകളായി പ്രസിദ്ധീകരിക്കുന്നത് നടപ്പു വർഷവും തുടർന്നു.

9. ജനന മരണ വിവരക്കണക്കുകൾ വിഭാഗം.—കേരളത്തിലൊട്ടാകെയുള്ള ജനന മരണ സ്ഥിതി വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ടു തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലി തുടർന്നു. സ്പോട്ട്ചെക്ക് സർവെ, സാമ്പിൾ രജിസ്ട്രേഷൻ, മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത് ഗ്രാമപ്രദേശങ്ങളിലെ മരണ കാരണങ്ങളെ പററിയുള്ള സർവെ എന്നിവ തുടർന്നു.

10. ഭവന നിർമ്മാണം.—സംസ്ഥാനത്തെ കെട്ടിട നിർമ്മാണത്തിലുള്ള പുരോഗതി അവലോകനം ചെയ്യുന്നതിനായി സ്ഥിതിവിവരക്കണക്കുകൾ പട്ടണപ്രദേശങ്ങളിൽ നിന്നു നഗര പ്രദേശങ്ങളിൽ നിന്നും ശേഖരിച്ച് പട്ടിക തയ്യാറാക്കിവരുന്നു.

11. വില നിലവാര കണക്കുകൾ.—ആവശ്യ സാധനങ്ങളുടെ ദൈനംദിന വില സംസ്ഥാനത്തിലെ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ഗവൺമെൻറിലേക്കും വിവിധ ഏജൻസികൾക്കും നല്കി. കാർഷിക വ്യവസായ തൊഴിലാളികൾക്കുള്ള ഉപഭോക്തൃവില സൂചിക, ഡയററി വിലകൾ വന വിഭവങ്ങളുടെ വില ശേഖരിക്കൽ, മാർക്കററ് ഇൻറലിജൻസ് പദ്ധതി, അരിയുടെ പരസ്യവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ടു എന്നിവ തയ്യാറാക്കി നല്കിവരുന്നു.

12. എൻഡക്സ് സിരീസ് വിഭാഗം.—കാർഷിക ഉല്പന്നങ്ങളുടെ മൊത്തവില സൂചിക, കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കു വേണ്ടി വരുന്ന ചെലവുകളും തമ്മിലുള്ള താരതമ്യ പഠന സൂചിക, കാർഷിക വേതന സൂചിക, കാർഷിക മേഖലയെ സംബന്ധിച്ച സൂചികകൾ എന്നിവ തയ്യാറാക്കുന്ന ജോലി തുടർന്നു.

13. നാഷണൽ സാംബിൾ സർവെ.—ആസൂത്രണത്തിനും ഭരണ പരമായ ആവശ്യങ്ങൾക്കും രാജ്യത്തിൻെറ സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിനും ഉള്ള ഈ സർവെ റിപ്പോർട്ടുവർഷത്തിലും തുടർന്നു.

14. വിലയിരുത്തൽ സർവെ.— മണ്ണു സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനം തുടർന്നുവരുന്നു.

15. സർവെകളും പഠനങ്ങളും .—സംസ്ഥാനത്ത് നിന്നും ഗൾഫ് രാജ്യങ്ങളിൽപോയി വരുന്നവരെ സംബന്ധിച്ചുള്ള ഒരു കുടിയേററ സർവെ നടക്കുകയുണ്ടായി.

16. സംസ്ഥാന വരുമാന വിഭാഗം .—കേരള സംസ്ഥാനത്തിൻെറ വരുമാന നിർണ്ണയത്തിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമുള്ള മൊത്ത വരുമാനം ആളോഹരി വരുമാനം എന്നിവ തിട്ടപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നു.

17. കമ്പ്യൂട്ടർവൽക്കരണ വിഭാഗം .—കമ്പ്യൂട്ടർ പ്രവർത്തനത്തെ സംബന്ധിക്കുന്ന 'പ്രോഗ്രാം പാക്കേജുകൾ ഡേററ എൻട്രി വാലിഡേഷൻ പ്രോസസിംഗ്' ടേബിൾ ജനറേഷൻ എന്നിവ ഈ വിഭാഗത്തിൽ നിർവഹിക്കുന്നു.

18. സർവീസ് വിഭാഗങ്ങൾ .—ആസൂത്രണ വിഭാഗം, ഏകോപന വിഭാഗം, ഔദ്യോഗിക ഭാഷാ വിഭാഗം എന്നിവ തൃപ്തികരമായ പ്രവർത്തനം കാഴ്ച വച്ചു.

19. പ്രസിദ്ധീകരണ വിഭാഗം .—പ്രസിദ്ധീകരണ വിഭാഗം 16 റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

20. ചെലവ് .—റിപ്പോർട്ടു വർഷത്തിൽ 830.70 ലക്ഷം രൂപ ചെലവഴിച്ചു.

21. 1993-94-ലെ വകുപ്പിൻെറ പ്രവർത്തനം പൊതുവെ തൃപ്തി കരമായിരുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. കെ. പരമേശ്വരൻ,

ഗവൺമെൻറ് അഡീഷണൽ സെക്രട്ടറി.

15. [illegible]

16. [illegible]

17. [illegible]

18. [illegible]

19. [illegible]

20. [illegible]

21. [illegible]

[illegible]

[illegible]

[illegible]

# ആമുഖം

വകുപ്പുമന്ത്രി— ശ്രീ. കെ. കരുണാകരൻ
(മുഖ്യമന്ത്രി)

വകുപ്പു സെക്രട്ടറി— ശ്രീ. കെ. വി. നമ്പ്യാർ
(ആസൂത്രണ സാമ്പത്തിക കാര്യം)

വകുപ്പ് അദ്ധ്യക്ഷൻ— ഡോക്ടർ എം. കുട്ടപ്പൻ

അഡീഷണൽ ഡയറക്ടർമാർ—ശ്രീമതി സി. സൈനബ

ശ്രീ. കെ. പി. മാധവക്കുറുപ്പ്

,, യു. തോമസ് സ്ലീബാ

കേരളത്തിലെ സ്ഥിതിവിവരക്കണക്കുകളുടെ ആധികാരികമായ ഒരു ഏജൻസിയാണ് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് (ഡിപ്പാർട്ടുമെൻറ് ഓഫ് ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ്)

1951-ൽ ബോർഡ് ഓഫ് സ്ററാററിസ്ററിക്സ് ആയി രൂപം കൊണ്ട ഈ വകുപ്പു 1954-ൽ സ്ററാററിസ്ററിക്സ് ഡിപ്പാർട്ടുമെൻറു എന്ന പ്രത്യേക വകുപ്പായും തുടർന്ന് 1963-ൽ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് എന്ന പേരിൽ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ശേഖരിക്കേണ്ട ഒരു മേജർ വകുപ്പായും മാറി. ഇപ്പോൾ ഡിപ്പാർട്ടുമെൻറ് ഓഫ് ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ആയി പ്രവർത്തിച്ചു വരുന്നു.

സാമ്പത്തിക സ്ഥിതി വിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ സ്വരൂപിക്കൽ, ക്രമീകരിക്കൽ, അപഗ്രഥനം എന്നീ മേഖലകളിൽ സംസ്ഥാനത്തെ മുഖ്യഘടകമായി നിലകൊള്ളുന്നു. സ്ഥിതി വിവരക്കണക്കുകളെ സംബന്ധിച്ചുള്ള പരാമർശങ്ങൾക്ക് സർക്കാരിൻെറ ഒരു ഉപദേശകഘടകമായും പ്രവർത്തിക്കുന്നു.

## ഔദ്യോഗിക ഘടന

ശ്രീ. കെ. അച്ചുതൻ സർവ്വീസിൽ നിന്നും വിരമിച്ചതിനേതുടർന്ന് ജി. ഒ. (ആർ. റ്റി.) 75/93/പ്ലാനിംഗിലെ 27-2-1993 ഉത്തരവ് പ്രകാരം സീനിയർ അഡീഷണൽ ഡയറക്ടർ ഡോക്ടർ എം. കുട്ടപ്പൻ വകുപ്പിന്റെ പൂർണ്ണ അധിക ചുമതലയേറ്റെടുത്തു. തുടർന്ന് ജി. ഒ. (എം. എസ്.) 4/93 പ്ലാനിംഗ് നമ്പരായുള്ള 23-3-1993-ലെ ഉത്തരവുപ്രകാരം വകുപ്പു തലവനായി ചാർജ്ജ് എടുക്കുകയും റിപ്പോർട്ടു വർഷത്തിൽ തുടരുകയും ചെയ്യുന്നു.

അഡീഷണൽ ഡയറക്ടർമാർ :

1. ഡോക്ടർ എം. കുട്ടപ്പൻ (24-3-1993 വരെ)
2. ശ്രീമതി സി. സൈനബ
3. ശ്രീ. കെ. പി. മാധവക്കുറുപ്പ്
4. ശ്രീ യു. തോമസ്സ് സ്ലീബ (26-8-1993 മുതൽ)

ജോയിന്റ് ഡയറക്ടർമാർ :

1. ശ്രീ. ആർ. മോഹൻദാസ്
2. ശ്രീമതി എസ്. ഇന്ദിര
3. ശ്രീമതി രാജിപ്രസാദ്
4. ശ്രീ. സി. അപ്പുക്കുട്ടൻപിള്ള.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ :

റിപ്പോർട്ട് വർഷത്തിൽ ശ്രീ. കെ. വി. രാധാകൃഷ്ണൻ 18-4-1993 വരെയും തുടർന്ന് ശ്രീ. എൻ. ജെ. തോമസ്സും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരായിരുന്നു

## കാർഷിക സ്ഥിതിവിവരക്കണക്കുകൾ

എ. കാർഷികസ്ഥിതി വിവരക്കണക്ക് വിവരം ചെയ്യുന്നതിനുള്ള ഏജൻസി.—കേരളത്തിലെ പ്രധാന കാർഷിക വിളകളുടെ വിസ്തൃതി, ഉൽപ്പാദന നിരക്ക്, ജലസേചനം, ഭൂവിനിയോഗ വിവരങ്ങൾ എന്നിവ ശേഖരിക്കുന്നത് കേന്ദ്ര ഗവൺമെൻറിൻെറ സാമ്പത്തിക സഹായത്തോടുകൂടി 1975-76-ൽ ആരംഭിച്ച എസ്റ്റാബ്ലിഷ്മെൻറ് ഓഫ് ആൻ ഏജൻസി ഫോർ റിപ്പോർട്ടിംഗ് അഗ്രിക്കൾച്ചറൽ സ്റ്റാററിസ്ററിക്സ് എന്ന പദ്ധതിപ്രകാരമാണ്. ഈ പദ്ധതി അനുസരിച്ച് ഓരോ വർഷവും 20% വില്ലേജുകൾ എന്ന കണക്കനുസരിച്ച് 5 വർഷംകൊണ്ട് കേരളത്തിലെ എല്ലാ വില്ലേജുകളും പൂർണ്ണമായി സർവേ ചെയ്തു തീർക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഈ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ യഥാക്രമം 1981-ലും 1986-ലും പൂർത്തിയായി. മൂന്നാം ഘട്ടം 1986 ജൂലൈ മുതൽ ആരംഭിക്കുകയും ഒരു വർഷം പൂർത്തിയാക്കിയതിനുശേഷം അടുത്ത വർഷം 1987-88 മുതൽ പുതിയ രീതിയിൽ സർവേ ആരംഭിക്കുകയും ചെയ്തു.

വിള ഇൻഷ്വറൻസ് പദ്ധതി ബ്ലോക്ക് തലത്തിൽ നടപ്പാക്കേണ്ട ആവശ്യകത കണക്കിലെടുത്താണ് സർവേ പുതിയ രീതിയിൽ നടപ്പിലാക്കിയത്. സംസ്ഥാനത്തിലെ 20% റവന്യൂ വില്ലേജുകൾ ഓരോ വർഷവും തെരഞ്ഞെടുത്ത സർവേ ചെയ്യുന്നതിനുപകരമായി സംസ്ഥാനത്തെ ചേർത്ത് 811 ഇൻവെസ്ററിഗേററർ സോണുകളാക്കി തിരിച്ച് ഓരോ സോണിൽ നിന്നും 5 സർവേ/ ലിത്തോ സബ് ഡിവിഷൻ വീതം ഉൾക്കൊള്ളുന്ന 100 ക്ലസ്ററുകൾ (നിലത്തിൻേറയും കരയുടേയും വിസ്തീർണ്ണത്തിന് ആനുപാതികമായി) തെരഞ്ഞെടുത്ത് സർവേ നടത്തുന്നതാണ് പുതിയ രീതി. ഇപ്രകാരം തെരഞ്ഞെടുത്ത നിലം ക്ളസ്ററുകളിൽ 3 പ്രാവശ്യവും (വിരിപ്പ്, മുണ്ടകൻ, പുഞ്ച) കരഭൂമി ക്ളസ്ററുകളിൽ 2 പ്രാവശ്യവും ഇൻവെസ്റ്റിഗേററർ സന്ദർശനം നടത്തി, കൃഷി ചെയ്തിട്ടുള്ള വിളകളുടെ വിവരങ്ങൾ, അത്യുൽപ്പാദനശേഷി ഉള്ള നെല്ല് കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി, ജലസേചന വിവരങ്ങൾ എന്നിവ ശേഖരിക്കുന്നു. വിളവെടുപ്പു പരീക്ഷണം നടത്തേണ്ട സ്ഥലങ്ങൾ റാൻഡം രീതിയിൽ തെരഞ്ഞെടുക്കുന്നു. ഇപ്രകാരം നടത്തിയ പരീക്ഷണങ്ങളിൽ നിന്നും ലഭിക്കുന്ന വിവിധ വിവരങ്ങൾ ക്രോഡീകരിച്ച് സംസ്ഥാനത്തിൻെറ മൊത്തം കാർഷിക സ്ഥിതി വിവരക്കണക്കുകൾ തയ്യാറാക്കുന്നു.

ഈ സർവേ നടത്തുന്നതിനുള്ള ചുമതല ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർ, അഡീഷണൽ ജില്ലാ ഓഫീസർ എന്നിവർക്കാണ്. താലൂക്ക് തലത്തിൽ താലൂക്ക് സ്ററാററിസ്ററിക്കൽ ഓഫീസർ, സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർ എന്നിവർക്കുമാണ്.

ജൂലൈ മാസം ആരംഭിച്ച് ജൂണിൽ അവസാനിക്കുന്ന കാർഷിക വർഷമാണ് ഈ സർവേയ്ക്കുവേണ്ടി എടുത്തിട്ടുള്ളത്. 1987-88 മുതൽ 1991-92 വരെ നടത്തിയ സർവേ റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

സംസ്ഥാനത്തെ പ്രധാന വിളകളുടെ കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതിയും ഉൽപ്പാദനവും മുൻകൂട്ടി കണക്കാക്കുന്ന പ്രക്രിയ അനുസരിച്ച് 1992-93-ലെ വിവിധ വിളകളുടെ പ്രവചന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾക്ക് അയച്ചുകൊടുത്തു.

ഇതിനുപുറമേ റിപ്പോർട്ട് വർഷത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ വിവിധ ആവശ്യങ്ങൾക്കുള്ള സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ചു അയച്ചിട്ടുണ്ട്. 1987-88 മുതൽ 1991-92 വരെയുള്ള കാലത്തെ കാർഷിക വിളകളുടെ ബ്ലോക്ക് തലത്തിലുള്ള വിവരങ്ങൾ പ്രസിദ്ധീകരണത്തിനായി നൽകിക്കൊണ്ടിരിക്കുന്നു.

നടപ്പുവർഷത്തിൽ തെരഞ്ഞെടുത്ത ക്ലസ്റ്ററുകളിൽ നാഷണൽ സാമ്പിൾ സർവേയുടെ ആഭിമുഖ്യത്തിൽ നെല്ലിനും മരിച്ചീനിക്കും ഒരു സമാന്തര പദ്ധതിപ്രകാരം 160 സോണുകളിൽ ഏരിയ എന്യൂമറേഷനും 160 വിള പരീക്ഷണങ്ങളും പരിശോധിക്കേണ്ടതുണ്ട്. നാഷണൽ സാമ്പിൾ സർവേ സംഘടനയും സംസ്ഥാന കാർഷിക സ്ഥിതി വിവരക്കണക്ക് ഏജൻസിയും കൂടി തുല്യമായി പങ്കിട്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. സ്റ്റേറ്റ് സാമ്പിളായിട്ടുള്ള 50% വില്ലേജുകളിൽ പരിശോധന അഡീഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസറും ബാക്കി സെൻട്രൽ സാമ്പിളായ 50% വില്ലേജുകളിൽ പരിശോധന നാഷണൽ സാമ്പിൾ സർവേ ഉദ്യോഗസ്ഥരുമാണ് നടത്തുന്നത്.

1992-93-ലെ സർവേ മുഖാന്തിരം ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി ലഭിച്ചിട്ടുള്ള സ്ഥിതി വിവരക്കണക്കുകൾ അപഗ്രഥിച്ചു റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

ബി. കാർഷിക സെൻസസ്.—കേന്ദ്ര ഗവൺമെന്റിന്റെ സമ്പൂർണ്ണ സാമ്പത്തിക സഹായത്തോടെ അഞ്ചുവർഷം ഇടവിട്ട് അഖിലേന്ത്യാതലത്തിൽ നടത്തുന്ന ഒരു പദ്ധതിയാണ് കാർഷിക സെൻസസ്. ഈ പദ്ധതിപ്രകാരം താഴെപ്പറയുന്ന വിവരങ്ങൾ ശേഖരിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നു.

1. കൈവശാനുഭവ ഭൂമിയുടെ വിസ്തീർണ്ണാടിസ്ഥാനത്തിലുള്ള വിതരണം.
2. കൈവശഭൂമിയുടെ വിനിയോഗാടിസ്ഥാനത്തിലുള്ള വിതരണം.
3. കൈവശാവകാശത്തിന്റെ സ്വഭാവം അനുസരിച്ചുള്ള വിതരണം.
4. കാർഷിക വിളകളുടെ വിസ്തീർണ്ണം.
5. വിത്ത്, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ, കാർഷിക വായ്പകൾ തുടങ്ങിയ കാർഷികോൽപ്പാദികളുടെ വിനിയോഗം.

1985-86-ൽ നടന്ന നാലാമത്തെ കാർഷിക സെൻസസിനെ സംബന്ധിച്ച് ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുകയുണ്ടായി. 1986-87-ൽ നടത്തിയ ഇൻപുട്ട് സർവെയുടെ റിപ്പോർട്ടിന്റെ പൂർത്തീകരണം നടന്നുകൊണ്ടിരിക്കുന്നു.

1990-91-ൽ അഞ്ചാമത്തെ കാർഷിക സെൻസസിനെ സംബന്ധിച്ച ഫീൽഡ് ജോലികൾ പൂർണ്ണമായും കഴിഞ്ഞു. അതിന്റെ ടാബുലേഷൻ ജോലികൾ കംപ്യൂട്ടർ ഡിവിഷനിൽ നടന്നുകൊണ്ടിരിക്കുന്നു.

1991-92-ലെ ഇൻപുട്ട് സർവേയുടെ ഫീൽഡ് ജോലികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. സർവേയുടെ പ്രവർത്തനം 1994 ആഗസ്റ്റു മാസത്തോടുകൂടി കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സി. കൃഷിച്ചെലവ് സർവേ.—1993-94 കാർഷിക വർഷത്തിലെ നെല്ല്, തെങ്ങ്, കമുക്, കുരുമുളക്, മരച്ചീനി എന്നീ മുഖ്യവിളകളേയും, മരംബറി എന്ന ഉപ വിളകളേയും സംബന്ധിച്ചുള്ള കൃഷിച്ചെലവ് സർവേ സംസ്ഥാനത്തെ 38 താലൂക്കുകളിൽ നടന്നുകൊണ്ടിരിക്കുന്നു.

റിപ്പോർട്ടു വർഷത്തിൽ 1991-92-ലെ സർവേയുടെ ടാബുലേഷൻ ജോലികൾ പൂർത്തീകരിക്കുകയും റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

1992-93 കാർഷിക കാലയളവിൽ നെല്ല്, തെങ്ങ്, കുരുമുളക്, കമുക്, മരച്ചീനി എന്നീ വിളകളെ സംബന്ധിച്ച് സർവേ മുഖേന ശേഖരിച്ച വിവരങ്ങൾ പരിശോധന നടത്തി സംസ്ഥാന തലത്തിലുള്ള പട്ടിക തയ്യാറാക്കി കഴിഞ്ഞു. വെററില, പൈനാപ്പിൾ എന്നിവയുടെ കൃഷി ചെലവിനെ സംബന്ധിച്ച് നടത്തിയ പഠനത്തിൻെറ റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

## വ്യവസായ സ്ഥിതിവിവര കണക്കുകൾ

(എ) സംസ്ഥാനത്തിൻെറ സാമ്പത്തിക വികസനത്തിൽ വ്യവസായത്തിന് പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. സമ്പത്ത് വ്യവസ്ഥയിൽ വ്യവസായ മേഖലയുടെ ക്രമാനുഗതമായ വികസനം, അതിൻെറ സ്രോതസ്, മാതൃക, വേഗത എന്നിവ തിട്ടപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുകയാണ് വ്യവസായ സ്ഥിതി വിവരക്കണക്ക് വിഭാഗത്തിൻെറ ചുമതല.

സംഘടിത വ്യാവസായിക മേഖലയിലെ മുടക്കു മുതൽ, വായ്പകൾ, പണിയെടുക്കുന്ന മൊത്തം തൊഴിലാളികൾ, ജീവനക്കാർ, അവരുടെ വേതനം, അസംസ്കൃത സാധനങ്ങളുടെ ഉപഭോഗം, മൊത്തം വ്യാവസായിക ഉൽപ്പാദന മൂല്യം, അററമൂല്യം എന്നീ വിശദാംശങ്ങളെക്കുറിച്ചുള്ള പഠനമാണ് ഈ വിഭാഗം നടത്തുന്നത്. പ്രസ്തുത വിവരങ്ങൾ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ (ഫീൽഡ് ഓപ്പറേഷൻ ഡിവിഷൻ) നടത്തുന്ന വാർഷിക വ്യാവസായിക സർവേയുടെ പൂരിപ്പിച്ച ഷെഡ്യൂളുകളിൽ നിന്നും ശേഖരിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുന്നു.

1993-94-ലെ റിപ്പോർട്ടു വർഷത്തിൽ 1986-87-ലെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ച് 1987-88, 1988-89, 1989-90 വർഷങ്ങളിലെ റിപ്പോർട്ടിന് ആവശ്യമായ വിവരങ്ങൾ ക്രോഡീകരിക്കുകയും ആയത് സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷൻെറ അംഗീകാരത്തിനുവേണ്ടി അയയ്ക്കുകയും ചെയ്തു.

1990-91-ലെ ടാബുലേഷൻ പണി പൂർത്തിയായി. 1991-92-ലെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിനും മററും ആവശ്യമായ വിവരങ്ങൾ ഈ വിഭാഗത്തിൽനിന്നും നൽകുന്നു.

(ബി) <u>വ്യവസായ ഉൽപ്പാദന സൂചിക</u>.—സംസ്ഥാനത്ത വ്യവസായ വളർച്ച കണക്കാക്കാൻ വ്യവസായ ഉൽപ്പാദക സൂചിക സഹായിക്കുന്നു. കേരള സർക്കാർ 24-7-1975-ലെ സർക്കാർ ഉത്തരവ് 280/75 പ്ലാനിംഗ് പ്രകാരമാണ് ഈ സൂചിക തയ്യാറാക്കി തുടങ്ങിയത്. സെൻട്രൽ സ്ററാററിസ്ററിക്സ് ഓർഗനൈസേഷനാണ് ഈ സൂചിക തയ്യാറാക്കുവാനുള്ള മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ടിരിക്കുന്നത്. ത്രൈമാസിക ഉൽപാദന സൂചികകൾ തയ്യാറാക്കി വാർഷിക റിപ്പോർട്ടുകളാക്കി പ്രസിദ്ധീകരിക്കുന്നു.

പൊതു സൂചിക 1970-ൽ 100 എന്ന അടിസ്ഥാനത്തിലാണ് 1975 മുതൽ ഈ സൂചിക തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. 1988-89 മുതൽ പൊതു സൂചിക 1980-ൽ 100 എന്ന അടിസ്ഥാനത്തിൽ ഉൽപ്പാദന സൂചിക തയ്യാറാക്കി വരുന്നു. സൂചനാവർഷം 1991-92 വർഷത്തിലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

30-6-1992, 30-9-1992, 31-12-1992, 31-3-1993 എന്നീ കാലയളവിലെ ത്രൈമാസികാ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് 1992-93-ലെ വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(സി) വ്യവസായ ഉൽപ്പന്ന മൊത്ത വിലനിലവാര സൂചിക.—വ്യവസായ ഉൽപ്പന്നങ്ങളുടെ മൊത്ത വിലയിൽ ഉണ്ടായിട്ടുള്ള മാററങ്ങൾ കണക്കാക്കുവാൻ മൊത്ത വിലനിലവാര സൂചിക തയ്യാറാക്കുന്നു. പ്രതിമാസവില ശേഖരിച്ച് വാർഷിക ശരാശരി തയ്യാറാക്കി മൊത്ത വില നിലവാര സൂചികയായി പ്രസിദ്ധീകരിക്കുന്നു. സംഘടിത, അസംഘടിത മേഖലകളിലെ വിലകൾ പ്രത്യേകം പ്രത്യേകം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തി വരുന്നു. സൂചനാ വർഷം 1991-92, 1992-93 എന്നീ വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു.

1993-94-ലെ മൊത്ത വിലനിലവാര സൂചിക ക്രോഡീകരിച്ചു തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

## ജനനമരണ സ്ഥിതിവിവര കണക്കുകൾ

എ. സിവിൽ രജിസ്ട്രേഷൻ.—1969-ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടിനു വിധേയമായി പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലും കോർപ്പറേഷനിലുമുള്ള രജിസ്ട്രാർമാർ ജനനമരണങ്ങൾ രജിസ്ററർ ചെയ്യുന്നു. ടി രജിസ്ട്രാർമാരിൽ നിന്നും ലഭിക്കുന്ന ജനന മരണ കണക്കുകളെ അടിസ്ഥാനമാക്കി മാസംതോറും ജില്ലാതല റിപ്പോർട്ടുകൾ തയ്യാറാക്കി രജിസ്ട്രാർ ജനറലിന് അയയ്ക്കുന്നു. ജനനമരണ രജിസ്ട്രേഷൻ കാർഡുകൾ പരിശോധിച്ച് ടാബുലേഷൻ നടത്തി വാർഷിക റിപ്പോർട്ട് രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുന്നു. ഇതിനെ ആധാരമാക്കി വൈററൽ സ്ററാററിസ്ററിക്സ്ബുള്ളററിൻ വർഷംതോറും പ്രസിദ്ധീകരിക്കുന്നു.

1987 മുതൽ 1989 വരെ രജിസ്ററർ ചെയ്തിട്ടുള്ള ജനനമരണങ്ങളുടെ നിരക്കുകൾ താഴെ കൊടുക്കുന്നു.

| വർഷം | പട്ടണപ്രദേശം | | ഗ്രാമപ്രദേശം | | സംസ്ഥാനത്തൊട്ടാകെ | |
|---|---|---|---|---|---|---|
| | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് |
| 1987 | 65.60 | 10.98 | 13.19 | 4.05 | 20.01 | 4.95 |
| 1988 | 65.68 | 11.34 | 12.96 | 4.12 | 19.80 | 5.05 |
| 1989 | 65.26 | 11.66 | 12.62 | 4.17 | 19.22 | 5.14 |

ബി. സ്പോട് ചെക്ക് സർവേ.—സിവിൽ രജിസ്ട്രേഷൻ ആക്ററ് പ്രകാരം ജനന മരണങ്ങൾ അതാതുസ്ഥലത്തെ ബന്ധപ്പെട്ട രജിസ്ട്രാർമാർ രജിസ്ററർ ചെയ്യുന്നു. പട്ടണപ്രദേശത്തെ ഉയർന്ന നിലവാരമുള്ള മെഡിക്കൽ സൗകര്യങ്ങൾ മററുപ്രദേശങ്ങളിലുള്ളവരും ധാരാളമായി പങ്കിടുന്നുണ്ട്. തൻമൂലം സിവിൽ രജിസ്ട്രേഷൻ വഴി ലഭിക്കുന്ന കണക്കുകൾ പട്ടണ പ്രദേശത്തെ സ്ഥിര താമസക്കാർക്കുണ്ടാകുന്ന ജനന മരണങ്ങളുടെ ശരിയായ കണക്ക് തിട്ടപ്പെടുത്തുന്നതിനും രജിസ്ട്രേഷൻ സംബന്ധിച്ച മററു കണക്കുകൾ ശേഖരിക്കുന്നതിനും വേണ്ടി സ്പോട് ചെക്ക് സർവേ നടത്തി വരുന്നു.

ഇപ്പോൾ സംസ്ഥാനത്തെ മൂന്നു കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും ഗുരുവായൂർ ടൗൺ ഷിപ്പിലും ഈ സർവേ നടത്തി വരുന്നു. ഓരോ യു. ഡി. കമ്പയിലർ വീതം ഈ സെൻററുകളിൽ ഈ ജോലി നിർവഹിക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുണ്ട്. മൂന്നു കോർപ്പറേഷനുകളിലും. കൊല്ലം, ആലപ്പുഴ മുനിസിപ്പാലിററികളിലും മരണ കാരണങ്ങളെ സംബന്ധിച്ചുള്ള മെഡിക്കൽ ഓഫീസർമാരുടെ സർട്ടിഫിക്കററിൻമേലുള്ള പഠനത്തിനായി ഒരു ഡെപ്യൂട്ടി ഹെൽത്ത് ഓഫീസറും റിസേർച്ച് അസിസ്ററൻറും കമ്പയിലറും നിയമിതരായിട്ടുണ്ട്. സ്പോട്ട് ചെക്ക് ജോലികൾ ഇവരും നിർവഹിക്കുന്നുണ്ട്. ഇവർ പ്രതിമാസ റിപ്പോർട്ടും വാർഷിക റിപ്പോർട്ടും തയ്യാറാക്കി ഹെഡാഫീസിലേക്ക് അയയ്ക്കുന്നു. ഇതിൻെറ അടിസ്ഥാനത്തിൽ ഓരോ ടൗണിലും നഗരത്തിലും യഥാർത്ഥ ജനന മരണ നിരക്കുകൾ തയ്യാറാക്കുന്നു.

1989-ലെ വാർഷിക റിപ്പോർട്ടിൻെറ അച്ചടി നടന്നുകൊണ്ടിരിക്കുന്നു.

സി. സാമ്പിൾ രജിസ്ട്രേഷൻ.—സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി ഗ്രാമപ്രദേശങ്ങളിൽ സിവിൽ രജിസ്ട്രേഷനിൽ ഉണ്ടാകുന്ന അപാകതകൾ നിമിത്തം കൃത്യവും വിശ്വസനീയവുമായ പ്രതിവർഷ ജനസംഖ്യ വർദ്ധനവ് കണക്കുകൾ ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ ഭാരത രജിസ്ട്രാർ ജനറൽ, ഒരു പൊതു നിർദ്ദേശ മാനുവലിൻെറ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചു ഭാരതമൊട്ടാകെ നടപ്പാക്കിവരുന്ന ഒരു പദ്ധതിയാണ് സാമ്പിൾ രജിസ്ട്രേഷൻ. കേരളത്തിലൊട്ടാകെ 150 തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിലാണ് ഈ പദ്ധതിപ്രകാരമുള്ള കണക്കെടുപ്പ് നടത്തുന്നത്.

150 തെരഞ്ഞെടുക്കപ്പെട്ട സാമ്പിളുകളിൽ 150 പാർട്ട് ടൈം എന്യൂമറേറർമാരും ഈ ജോലികൾ ജില്ലകളിൽ ക്രോഡീകരിക്കുന്നതിനും പരിശോധിക്കുന്നതിനുമായി 14 സാമ്പിൾ രജിസ്ട്രേഷൻ ഇൻവെസ്ററിഗേററർമാർ, 17 കമ്പ്യൂട്ടർ സൂപ്പർവൈസർമാർ എന്നിവർ 14 അഡീഷണൽ ജില്ലാ ഓഫീസർമാരുടെ മേൽനോട്ടത്തിൽ ജോലി ചെയ്യുന്നു. സംസ്ഥാന തലത്തിൽ ഒരു റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ ഒരു റിസേർച്ച് അസിസ്ററൻറ്, 2 യു. ഡി. കമ്പയിലർ ഒരു കമ്പ്യൂട്ടർ എന്നിവർ ഡയറക്ടറുടെ ഓഫീസിൽ ജോലികൾ നിർവഹിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട 150 സാമ്പിളുകളിലും എന്യൂമറേറർമാർ ജനനങ്ങളും മരണങ്ങളും കൃത്യമായി രജിസ്ററർ ചെയ്യുകയും മാസാന്ത്യ ത്രൈമാസിക റിപ്പോർട്ടുകൾ അയച്ചു തരികയും അവയുടെ സംക്ഷേപം ഭാരത രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുകയും ചെയ്തു. നടപ്പുവർഷം 55-ം 56-ം രണ്ടു അർദ്ധ വാർഷിക സർവേകൾ നടത്തുകയും അവയുടെ ഫലങ്ങൾ പരിശോധിച്ചു രജിസ്ട്രാർ ജനറലിന് കൊടുക്കുകയും ചെയ്യുന്നു.

1990-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും 1991-ലെ റിപ്പോർട്ടിനാവശ്യമായ വിവരങ്ങൾ തയ്യാറാക്കുകയും ചെയ്തു.

1990-ലെ പ്രധാന നിരക്കുകൾ

| | |
|---|---|
| ജനന നിരക്ക് | 19.6 |
| മരണ നിരക്ക് | 6.0 |
| ശിശു നിരക്ക് | 17.1 |

ഡി. മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത്.— സംസ്ഥാനത്തിലെ മൂന്നു കോർപ്പറേഷനിലും ആലപ്പുഴ, കൊല്ലം എന്നീ മുനിസിപ്പാലിററികളിലുമാണ് ഈ സ്കീം നടപ്പിലാക്കിയിട്ടുള്ളത് നടപ്പു വർഷം കൊച്ചിയിൽ ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ സർവേ പൂർത്തിയായിട്ടില്ല. 1991 വർഷത്തെ റിപ്പോർട്ട് അച്ചടിയിലാണ്.

ഇ. ഗ്രാമപ്രദേശങ്ങളിലെ മരണ കാരണങ്ങളെപ്പററിയുള്ള സർവേ (സർവേ ഓൺ കാസ് ഓഫ് ഡെത്ത്).—ഗ്രാമ പ്രദേശങ്ങളിൽ വസിക്കുന്നവർക്ക് ഉണ്ടാകുന്ന വിവിധ മരണ കാരണങ്ങളെപ്പററിയുള്ള പഠനമാണിത്. തെരഞ്ഞെടുത്ത 50 പ്രൈമറി സെൻററുകളിൽ സർവേ നടത്തുന്നു. ടി സെൻററുകളിൽ നിയുക്തനായ കമ്പ്യൂട്ടറും, പാരാമെഡിക്കൽ സ്ററാഫും മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ വിവരങ്ങൾ ശേഖരിച്ചു അയച്ചുതരുന്നു. പ്രതിമാസ പുരോഗതി റിപ്പോർട്ടും അർദ്ധ വാർഷിക സർവേ റിപ്പോർട്ടും ഇവിടെ നിന്നും (ഡയറക്ടറേററ് ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ്) ഇൻഡ്യാ ഗവൺമെൻറിൻെറ രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുന്നു.

പ്രസ്തുത സർവേ നടത്തുന്നതിനുവേണ്ടി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാർക്കുവേണ്ടി വാർഷിക പരിശീലന പരിപാടി നടപ്പുവർഷം നാലു കേന്ദ്രങ്ങളിൽ നടത്തുകയുണ്ടായി. സെൻസസ് ഡയറക്ടറേററിൽ നിന്നും നിയമിച്ചിട്ടുള്ള സൂപ്പർവൈസർ വിവിധ ആരോഗ്യ കേന്ദ്രങ്ങൾ സന്ദർശിച്ചു പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുന്നു.

## തൊഴിൽ, വേതന, ഭവന സ്ഥിതിവിവര കണക്കുകൾ

എ. തൊഴിൽ സ്ഥിതിവിവരകണക്കുകൾ.—1948 ഫാക്ടറി നിയമ പ്രകാരം 1990-ൽ പ്രവർത്തിച്ചിരുന്ന ഫാക്ടറികളിൽ നിന്നുള്ള അർദ്ധ വാർഷിക കണക്കുകൾ ശേഖരിച്ചു റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട പത്രികകളോടൊപ്പം സിംലയിലെ ലേബർ ബ്യൂറോയിലേക്ക് അയച്ചു കൊടുത്തു. 1990-ലെ ഫാക്ടറികളെ സംബന്ധിച്ചുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇതോടൊപ്പം തന്നെ 1936-ലെ വേതന നിയമമനുസരിച്ച് പ്രതിമാസ വരുമാനം 1,600 രൂപയിൽ താഴെ ലഭിക്കുന്ന ഫാക്ടറി തൊഴിലാളികളുടെ വേതനത്തിൻെറ വിവരങ്ങളും ശേഖരിച്ചു സൂക്ഷ്മ പരിശോധന നടത്തി കൊണ്ടിരിക്കുന്നു. ഈ രണ്ട് റിപ്പോർട്ടുകളും ലേബർ ബ്യൂറോയ്ക്ക് അയയ്ക്കുന്നു.

ഫാക്ടറികളിലും, തോട്ടങ്ങളിലും ഉണ്ടായിട്ടുള്ള പണിമുടക്ക്, ലോക്കൗട്ട്, ലേ ഓഫ് എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ ലേബർ ഓഫീസുകളിൽ നിന്നും ശേഖരിച്ച് 1993 ഡിസംബർ മാസം വരെ ഉള്ളത് ലേബർ ബ്യൂറോയ്ക്ക് അയച്ചു.

1961-ലെ പ്രസവാനുകൂല്യ നിയമപ്രകാരം ഫാക്ടറികൾ, തോട്ടങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്ന വനിതാ തൊഴിലാളികൾക്ക് 1992-ൽ നൽകിയ ആനുകൂല്യങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകളും ലേബർ ബ്യൂറോയ്ക്ക് അയച്ചിട്ടുണ്ട്.

1936-ലെ വേതന നിയമപ്രകാരമുള്ള തോട്ടം തൊഴിലാളികളുടെ 1991, 1992 വർഷങ്ങളിലെ വേതനത്തെ സംബന്ധിച്ച റിപ്പോർട്ടുകൾ സിംലയിലെ ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

ബി. വേതന ഘടന സർവേ.—നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും മൊത്ത ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടേയും കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം തൊഴിലാളികളുടേയും വേതന നിരക്കുകൾ ശേഖരിക്കുകയാണ് ഈ സർവേയുടെ ഉദ്ദേശം ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ സംസ്ഥാന വരുമാനം കണക്കാക്കുന്നതിനായും ഉപയോഗിക്കുന്നുണ്ട്. ഇത്തരം സർവേ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഓരോ ത്രൈമാസത്തിലും വേതന നിരക്കുകൾ ശേഖരിച്ചു ജില്ലാ ഓഫീസർ മുഖാന്തിരം അയച്ചുതരുന്നത് സൂക്ഷ്മ പരിശോധന നടത്തി ആവശ്യമായ പട്ടികകൾ തയ്യാറാക്കുന്നു.

റിപ്പോർട്ട് വർഷത്തിൽ 1991-93 വർഷത്തെ പട്ടികകൾ തയ്യാറാക്കി സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഉപയോഗത്തിലേക്കായി അയച്ചു കൊടുത്തു.

## ഭവന നിർമ്മാണം

ഇൻഡ്യാ ഗവൺമെൻറിന്റെ നിയന്ത്രണത്തിലുള്ള കെട്ടിട നിർമ്മാണ സംഘടനയുടെ നിർദ്ദേശ പ്രകാരം ഈ വിഭാഗം സംസ്ഥാനത്തെ കെട്ടിട നിർമ്മാണത്തിലുള്ള പുരോഗതി അവലോകനം ചെയ്യുന്നതിനുവേണ്ടിയുള്ള സ്ഥിതി വിവരകണക്കുകൾ പട്ടണപ്രദേശങ്ങളിൽ നിന്നും നഗര പ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്നുണ്ട്.

മുനിസിപ്പൽ ഭരണ വകുപ്പ് ഡയറക്ടറുടെ ആഫീസിൽ ഭവനനിർമ്മാണ സംബന്ധമായ കണക്കുകൾ ശേഖരിക്കുവാനായി പ്രവർത്തിക്കുന്ന സ്ററാററിസ്ററിക്കൽ വിഭാഗം കേരളത്തിൽ വിവിധ മുനിസിപ്പാലിററികളിൽ പണിയാൻ അനുവാദം കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ കണക്കുകൾ ശേഖരിച്ചു ക്രോഡീകരിച്ചു പ്രത്യേക പട്ടികകളാക്കി അയച്ചു കഴിഞ്ഞു.

31-12-1992 വരെ കെട്ടിടം പണിയുവാൻ അനുവാദം നൽകിയ കെട്ടിടങ്ങളുടെ കണക്കുകൾ സൂക്ഷ്മ പരിശോധനയ്ക്കുശേഷം റിപ്പോർട്ട് വർഷത്തിൽ ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയുണ്ടായി.

സംസ്ഥാന പൊതുമരാമത്ത് വകുപ്പിലും ഭവന നിർമ്മാണ സംബന്ധമായ കണക്കുകൾ ശേഖരിക്കുവാനായി ഒരു സ്ററാററിസ്ററിക്കൽ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗം പൊതുമരാമത്ത് വകുപ്പുകളിൽ ഏറെറടുത്തു നടത്തുന്നതും 50,000 രൂപയ്ക്കുമേൽ ചെലവ് ചെയ്തു നിർമ്മിക്കുന്നതുമായ കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിച്ചു വാർഷിക പട്ടികകളായി ഈ ആഫീസിലേക്ക് അയച്ചുതരികയും ആയവ സൂക്ഷ്മ പരിശോധനയ്ക്കുശേഷം ഇവിടെ നിന്നും ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു. ഇത് 31-3-1992 വരെയുള്ള റിപ്പോർട്ടുകൾ അയച്ചുകൊടുത്തിട്ടുണ്ട്.

ഭവന നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ വിലനിലവാരവും, കെട്ടിട നിർമ്മാണ ജോലിക്കാരുടെ വേതന നിരക്ക് സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലകളിലും ഓരോ ത്രൈമാസത്തിലും ശേഖരിച്ചു ജില്ലാ ഓഫീസർമാർ അയച്ചുതരുന്നത് സൂക്ഷ്മ പരിശോധനയ്ക്കുശേഷം ത്രൈമാസിക പട്ടികകളാക്കി ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് 31-12-1993 വരെ അയച്ചിട്ടുണ്ട്.

## വിലനിലവാര കണക്കുകൾ

പ്രൈസസ് ഡിവിഷനിൽ പ്രൈസസ് (ജനറൽ) ഇൻഡക്സ് സീരീസ്, കമ്പോള നിലവാരം എന്നിവയെ സംബന്ധിച്ച ജോലികൾ നിർവഹിച്ചു വരുന്നു.

എ. പ്രൈസസ് (ജനറൽ).—അവശ്യസാധനങ്ങളുടെ ദൈനംദിനവില സംസ്ഥാനത്തിലെ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ടെലക്സ്/ടെലിഫോൺ മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് ഗവൺമെൻറിലേക്കും വിവിധ ഏജൻസികൾക്കും അയച്ചുവരുന്നു.

സിവിൽ സപ്ലൈസ് വകുപ്പിൻെറ ആവശ്യപ്രകാരം എല്ലാ ബുധനാഴ്ചയും 15 ഇനം അത്യാവശ്യ സാധനങ്ങളുടെ തിരുവനന്തപുരം, എറണാകുളം എന്നീ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് നല്കിവരുന്നത് തുടർന്നുകൊണ്ടിരിക്കുന്നു.

എല്ലാ മാസവും ജില്ലാ കേന്ദ്രങ്ങളിൽ നിന്നും 16 ഇനം അത്യാവശ്യ സാധനങ്ങളുടെ ചില്ലറ വിലയും 5 ഇനം സാധനങ്ങളുടെ മൊത്തവിലയും ശേഖരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ ആവശ്യപ്രകാരം 1992 ഫെബ്രുവരി മാസം മുതൽ നല്കി വരുന്നു.

50 ഇനം നിത്യോപയോഗ സാധനങ്ങളുടെ ദിവസേനയുള്ള വില നിലവാരം ക്രോഡീകരിച്ച് ഓരോ മാസത്തേക്കുമുള്ള സ്റ്റേറ്റുമെൻറുകൾ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് അയച്ചുകൊടുക്കുന്നുണ്ട്.

വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേക്ക് അയയ്ക്കുന്നു. അവശ്യ സാധനങ്ങളുടെ വിലവിവരം അവരുടെ പഠനങ്ങൾക്കും റിപ്പോർട്ടുകൾക്കും വേണ്ടി റിസർവ് ബാങ്കിൻെറ വിഭാഗത്തിനും ഈ വകുപ്പിൽ നിന്നും നല്കി വരുന്നു.

കേന്ദ്ര സർക്കാരിൻെറ നിർദ്ദേശപ്രകാരം തിരുവനന്തപുരം, എറണാകുളം കോഴിക്കോട് എന്നീ മൂന്ന് ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും എല്ലാ വെള്ളിയാഴ്ചത്തേയും അവശ്യ സാധനങ്ങളുടെ ചില്ലറ വിലയും എല്ലാ മാസത്തേയും അവസാന വെള്ളിയാഴ്ചത്തെ പ്രധാനപ്പെട്ട ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങളുടെ വിലയും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി പൂരിപ്പിച്ച ഫാറങ്ങൾ കേന്ദ്രസർക്കാരിൻെറ കൃഷി മന്ത്രാലയത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് അയച്ചുകൊടുത്തു വരുന്നു.

ബി. കാർഷിക വ്യവസായ തൊഴിലാളികൾക്കുള്ള ഉപഭോക്തൃവില സൂചിക.—താഴെപ്പറയുന്ന 15 തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ 1970=100 അടിസ്ഥാന വർഷമായിട്ടുള്ള കാർഷിക വ്യവസായ തൊഴിലാളികൾക്കുള്ള ഉപഭോക്തൃ വില സൂചിക എല്ലാ മാസവും തയ്യാറാക്കി ഗസററിൽ വിജ്ഞാപനം ചെയ്തുവരുന്നു.

1. തിരുവനന്തപുരം
2. കൊല്ലം
3. പുനലൂർ
4. ആലപ്പുഴ
5. കോട്ടയം
6. മുണ്ടക്കയം
7. മൂന്നാർ
8. എറണാകുളം

9. ചാലക്കുടി
10. തൃശ്ശൂർ
11. പാലക്കാട്
12. കോഴിക്കോട്
13. മലപ്പുറം
14. മേപ്പാടി
15. കണ്ണൂർ

ഉപഭോക്തൃവില സൂചിക കാണിക്കുന്ന സ്റേറററുമെൻറുകൾ അവയുടെ ഗുണഭോക്താക്കളായ പ്രധാനപ്പെട്ട സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സ്വകാര്യമേഖല എന്നീ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നേരിട്ട് അയച്ചു കൊടുത്തു വരുന്നു.

1981-82 അടിസ്ഥാന വർഷമായി ഉപഭോക്തൃ വില സൂചിക പ്രസിദ്ധം ചെയ്യുന്ന നടപടികളുടെ ഭാഗമായി നിർദ്ദിഷ്ട സാധനങ്ങളുടെ വാരാന്ത്യ വിലകൾ ശേഖരിച്ചുവരുന്നു.

കേന്ദ്ര സർക്കാരിൻെറ തൊഴിൽ മന്ത്രാലയത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന സിംലയിലെ ലേബർ ബ്യൂറോയ്ക്ക് വേണ്ടി ആലുവ, മുണ്ടക്കയം, കൊല്ലം, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽ നിന്നും 1982 അടിസ്ഥാന വർഷമായുള്ള വില സൂചിക കണക്കാക്കുന്നതിനുള്ള നിർദ്ദിഷ്ട സാധനങ്ങളുടെ വാരാന്ത്യ വിലകൾ ശേഖരിച്ച് അയച്ചുകൊടുത്തുവരുന്നു.

ഉപഭോക്തൃവില സൂചികകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ അർദ്ധ സർക്കാർ സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങൾ വ്യക്തികൾ എന്നിവയ്ക്ക് അയച്ചുകൊടുക്കുന്നു.

സി. ഡയററി വിലകൾ.—അലോപ്പതി, നാട്ടുചികിൽസ, ഹോമിയോ, ജയിൽ, ഇ.എസ്.ഐ., സാമൂഹ്യക്ഷേമം, മൃഗശാല തുടങ്ങിയ വിവിധ വകുപ്പുകൾക്ക് ദർഘാസ് കരാറുകളുടെ തീർപ്പ് സംബന്ധിച്ച ആവശ്യത്തിനു വേണ്ടി ഭക്ഷ്യ സാധനങ്ങളുടേയും ആശുപത്രികൾക്ക് ആവശ്യമായ മററ് നിത്യോപയോഗ സാധനങ്ങളുടെയും കമ്പോള ചില്ലറ വില സംസ്ഥാനത്തെ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് നല്കിവരുന്നു. ഭക്ഷ്യസാധനങ്ങളുടെ വില ശേഖരണം റിപ്പോർട്ടുവർഷത്തിൽ ജനുവരി, ഏപ്രിൽ ജൂലൈ, ഒക്ടോബർ എന്നീ നാല് ത്രൈമാസത്തിൻേറയും ആദ്യ വെള്ളിയാഴ്ച നടത്തുന്നു. കൂടാതെ ഓരോ വകുപ്പിനും ആവശ്യമായ നിർദ്ദിഷ്ട സാധനങ്ങളുടെ കമ്പോള വില റിപ്പോർട്ടു വർഷത്തിൽ ജനുവരി മാസം ശേഖരിച്ചു നല്കി വരുന്നു. പ്രസ്തുതവിലവിവരങ്ങൾ ജില്ലാ മെഡിക്കൽ ആഫീസുകൾ, ആരോഗ്യവകുപ്പ് ഡയറക്ടറേററ്, മെഡിക്കൽ കോളേജ് ആശുപത്രികൾ, ക്ഷയരോഗാശുപത്രികൾ, കുഷ്ഠരോഗാശുപത്രികൾ, ഇ. എസ്.ഐ. ആശുപത്രികൾ ജയിൽ ഇൻസ്പെക്ടർ ജനറൽ, പട്ടാള മേധാവികളുടെ ആഫീസുകൾ, മാനസികാശുപത്രികൾ തുടങ്ങിയവയ്ക്ക് അയച്ചുകൊടുത്തുവരുന്നു. കൂടാതെ വിലവിവരങ്ങൾ എല്ലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും അവയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അയച്ചു കൊടുത്തുവരുന്നു.

ഡി. ആയുർവേദ മരുന്നുകളുടെ വില ശേഖരിക്കൽ.—ആയുർവേദ കോളേജുകളുടെ ആവശ്യപ്രകാരം ആയുർവേദ മരുന്നുകൾ ഉണ്ടാക്കുന്നതിന് ആവശ്യമായ ഫലങ്ങൾ ഇലകൾ, വേരുകൾ, ക്ഷാരങ്ങൾ തുടങ്ങിയ പച്ച മരുന്നുകളുടെ കമ്പോള വില ശേഖരിച്ച് അയച്ചുകൊടുക്കുന്നു.

ഇ. വനവിഭവങ്ങളുടെ വില ശേഖരിക്കൽ.—18 ഇനം വനവിഭാഗങ്ങളുടെ വില, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ നിന്നും മാസംതോറും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി ക്രോഡീകരിച്ച് ഓരോ ത്രൈമാസത്തിലും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലേക്ക് നല്കുന്നുണ്ട്.

എഫ്. മാർക്കററ് ഇൻറലിജൻസ് പദ്ധതി.—ഉല്പന്നങ്ങളുടെ വില വിവരം ആകെയുള്ള ഉല്പാദനം തനതാവശ്യം കഴിഞ്ഞ് വില്പനയ്ക്ക് ലഭ്യമായ ഉല്പന്നങ്ങളുടെ അളവ് കമ്പോളത്തിൽ ഉല്പന്നങ്ങളുടെ വരവും പോക്കും ഭക്ഷ്യ വസ്തുക്കളുടെ ഗവൺമെൻറ് തലത്തിൽ നടക്കുന്ന ക്രയവിക്രയം എന്നിവ അറിഞ്ഞ് കമ്പോള നിലവാര നിർണ്ണയം നടത്തുകയാണ് മാർക്കററ് ഇൻറലിജൻസ് കൊണ്ടുദ്ദേശിക്കുന്നത്. ഈ പദ്ധതിയനുസരിച്ച് വില റിപ്പോർട്ട് ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അതാതു ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ല ഓഫീസർമാർക്കും കോഴിക്കോടും, തിരുവനന്തപുരത്തും ഉള്ള രണ്ട് റീജയണൽ സ്ററാററിസ്ററിക്കൽ ഓഫീസർമാരും മേൽനോട്ടം വഹിച്ചുവരുന്നു.

തിരുവനന്തപുരം മേഖലയിൽ 27 ഉം കോഴിക്കോട് മേഖലയിൽ 11 ഉം കേന്ദ്രങ്ങളിലെ കമ്പോള നിലവാര ബുള്ളററിൽ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം കോഴിക്കോട് നിലയങ്ങളിൽകൂടി പ്രക്ഷേപണം ചെയ്തു വരുന്നു.

പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ വാരാന്ത്യ കമ്പോള നിലവാരാവലോകനം എല്ലാ ഞായറാഴ്ചകളിലും ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്തു വരുന്നു.

ജി. അരിയുടെ പരസ്യവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട്.—എല്ലാ ജില്ലാതല സ്ഥാനങ്ങളിലും വിപണനം നടക്കുന്ന അരിയുടെ പരസ്യകമ്പോള വിലയെക്കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിനും സംസ്ഥാന റവന്യൂ ബോർഡിലെ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചു വരുന്നു. ഇതുകൂടാതെ പാലക്കാട് കേന്ദ്രത്തിലെ അരിയുടെ പരസ്യ കമ്പോള വിലയെക്കുറിച്ചുള്ള പ്രതിവാര റിപ്പോർട്ട് തയ്യാറാക്കി റിസർവ് ബാങ്കിന് നല്കി വരുന്നു. ഇവയ്ക്കെല്ലാം ഉപരിയായി ഈ പദ്ധതിയനുസരിച്ച് മൊത്ത വിലയെ സംബന്ധിക്കുന്ന വിവരങ്ങൾ കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങൾക്കും റിസർവ് ബാങ്കിനും ആവശ്യാനുസരണം ലഭ്യമാക്കി വരുന്നു.

## ഇൻഡക്സ് സീരീസ്

താഴെപ്പറയുന്ന സൂചികകൾ തയ്യാറാക്കി വരുന്നു.

1. കാർഷിക ഉല്പന്നങ്ങളുടെ മൊത്തവില സൂചിക.—പ്രധാനപ്പെട്ട 17 കാർഷികോല്പന്നങ്ങൾ ഉൾപ്പെടുത്തികൊണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽ നിന്ന് ശേഖരിക്കുന്ന മൊത്തവിലയെ അടിസ്ഥാനമാക്കി ഈ സൂചിക തയ്യാറാക്കി വരുന്നു. 1952-53 അടിസ്ഥാന വർഷമായി സ്വീകരിച്ചാണ് മാസംതോറും ഈ മൊത്തവില സൂചിക തയ്യാറാക്കിവരുന്നത്.

2. കാർഷികവിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടി വരുന്ന ചെലവുകളും തമ്മിലുള്ള താരതമ്യ പഠന സൂചിക.—1952-53 അടിസ്ഥാന വർഷമാക്കി കർഷകരുടെ സാമ്പത്തിക നില, കാർഷികോല്പന്നങ്ങളുടെ വില അവയ്ക്കുവേണ്ടി വരുന്ന ചെലവുകൾ, ഗാർഹിക ചെലവുകൾ എന്നിവ കണക്കാക്കിയതും കർഷകരുടെ ഇപ്പോഴത്തെ സാമ്പത്തികനിലയും തമ്മിലുള്ള താരതമ്യം ഈ സൂചിക കാണിക്കുന്നു. ഇതു പ്രതിമാസ സൂചികയാണ്.

3. കാർഷിക വേതന സൂചിക.—സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിവിധ കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കപ്പെട്ടിട്ടുള്ള കാർഷിക വേതനത്തിന്റെ കണക്ക് ഇൻഡ്യാ ഗവൺമെന്റിന്റെ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് അഡൈ്വസർക്ക് അയച്ചുകൊടുക്കുകയും അതോടൊപ്പം തന്നെ കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നു. കർഷകത്തൊഴിലാളികളുടെയും വിദഗ്ധത്തൊഴിലാളികളുടെയും പ്രതിമാസ വേതന സൂചിക 1952-53 അടിസ്ഥാന വർഷമായി സ്വീകരിച്ചു തയ്യാറാക്കി കൃത്യമായി ഇൻഡ്യാ ഗവൺമെൻറിന് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

## മററു പ്രവർത്തനങ്ങൾ

ഇവയ്ക്കു പുറമേ താഴെപ്പറയുന്ന ജോലികൾ കൂടി ഈ വിഭാഗം നിർവഹിച്ചു വരുന്നു.

1. തൊണ്ടോടുകൂടിയ നാളികേരത്തിന്റെ പ്രതിവാര തോട്ടവില ശേഖരിച്ച് എറണാകുളത്തുള്ള നാളികേര വികസന ബോർഡ് ചെയർമാന് അയച്ചു വരുന്നു.

2. പ്രധാനപ്പെട്ട 9 കാർഷികോല്പന്നങ്ങളുടെ വാർഷിക ശരാശരി വില തിട്ടപ്പെടുത്തി ന്യൂഡൽഹിയിലുള്ള എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് അഡൈ്വസർക്ക് അയച്ചു കൊണ്ടിരിക്കുന്നു.

3. കയറിൻേറയും തൊണ്ടിൻേറയും പ്രതിവാര വില തയ്യാറാക്കി എറണാകുളത്തുള്ള കയർ ബോർഡ് സെക്രട്ടറിയേയും തിരുവനന്തപുരത്തുള്ള കയർ ഡവലപ്പ്മെൻറ് ഡയറക്ടറേയും അറിയിച്ചുവരുന്നു.

4. കയറിന്റെ തന്നെ പ്രതിമാസ വില നിലവാരം കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെൻറ് പ്രസിലേക്ക് നല്കിവരുന്നു.

5. കാർഷിക വിഭവങ്ങളുടെ വില വിവരങ്ങൾ കോടതി നിർദ്ദേശ പ്രകാരം നല്കി വരുന്നു.

6. കേന്ദ്രസർക്കാരിന്റെ കേന്ദ്ര വ്യവസായ മന്ത്രാലയത്തിലെ എക്കണോമിക്സ് അഡൈ്വസർ പ്രസിദ്ധം ചെയ്തു വരുന്ന 1981-82 അടിസ്ഥാന വർഷമായുള്ള മൊത്ത വിലസൂചിക ആവശ്യപ്പെടുന്നതനുസരിച്ച് സർക്കാർ, അർദ്ധ സർക്കാർ പൊതു സ്വകാര്യമേഖലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കരാറുകാർക്കും നല്കി വരുന്നു.

7. അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ പ്രതിവാര കമ്പോള മൊത്തവില ശേഖരിച്ച് ഫുഡ്കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം റീജിയണൽ മാനേജർക്ക് ആഴ്ചതോറും അയച്ചുവരുന്നു.

8. കെ.എൽ.ആർ. ആക്ടിലെ സെക്ഷൻ 43 പ്രകാരം ജില്ലാ കളക്ടർമാരുടെ അഭ്യർത്ഥനാനുസരണം എല്ലാ താലൂക്കിലുമുള്ള പ്രധാനപ്പെട്ട കാർഷികോല്പന്നങ്ങളുടെ പ്രതിമാസ ശരാശരിവില തിട്ടപ്പെടുത്തി എല്ലാ ത്രൈമാസത്തിലും സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും നല്കി വരുന്നു.

9. ഉപ്പിന്റെ പ്രതിവാര കമ്പോളമൊത്തവിലയും ചില്ലറ വിലയും ശേഖരിച്ച് മദ്രാസിലെ ഡെപ്യൂട്ടി സാൾട്ട് കമ്മീഷണർക്കും പ്രതിമാസ ശരാശരി വില തിട്ടപ്പെടുത്തി ജയ്പൂരിലെ സാൾട്ട് കമ്മീഷണർക്കും അയച്ചു കൊടുക്കുന്നു.

10. സുഗന്ധ ദ്രവ്യങ്ങളുടെ പ്രതിവാര കമ്പോള ചില്ലറ വില ശേഖരിച്ചു കോഴിക്കോട് സ്പൈസസ്, ഡവലപ്പുമെൻറ് ഡയറക്ടർക്കും എറണാകുളത്തെ സ്പൈസസ് ബോർഡ് ചെയർമാനും അയച്ചുകൊടുക്കുന്നു.

11. വയനാട്, കാസർകോട് ജില്ലകളിൽ നിന്നും സുഗന്ധ ദ്രവ്യങ്ങളുടെ മൊത്തവില ശേഖരിച്ച് കോഴിക്കോട് സ്പൈസസ് ഡവലപ്പുമെൻറ് ഡെപ്യൂട്ടി ഡയറക്ടർക്കും അയച്ചു കൊടുക്കുന്നു.

12. സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽ നിന്നും പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറ വില ശേഖരിച്ച് ഏകീകരിച്ച് കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തൽ തുടർന്നു വരുന്നു.

13. എല്ലാ ജില്ലകളിൽ നിന്നും മാങ്ങയുടേയും പൈനാപ്പിളിൻേയും വാരാന്ത്യ മൊത്തവില ശേഖരിച്ച് കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കുന്നു.

14. എല്ലാ ജില്ലകളിൽ നിന്നും തേങ്ങയുടെ ദ്വൈവാരമൊത്തവില ശേഖരിച്ചു കേന്ദ്ര ഗവൺമെൻറിന് അയച്ചുകൊടുക്കുന്നു.

## നാഷണൽ സാമ്പിൾ സർവേ

നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ, ആസൂത്രണത്തിനും ഭരണപരമായ ആവശ്യങ്ങൾക്കും രാജ്യത്തിൻെറ സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിനും നടത്തി വരുന്ന സർവേ ഈ വർഷത്തിലും തുടരുകയുണ്ടായി. കേരളത്തിൽ തെരഞ്ഞെടുത്ത സാമ്പിളുകളിൽ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ (ഫീൽഡ് ഓപ്പറേഷൻ ഡിവിഷൻ) നും സാമ്പത്തിക സ്ഥിതിവിവരക്കണക്കു വിഭാഗവും തുല്യമായി സാമ്പിളുകളിൽ സർവേ നടത്തുന്നു.

1993 ജൂലൈ മുതൽ ആരംഭിച്ച് 50-ാമത് റൗണ്ട് സർവേ 1994 ജൂൺ 30-ന് അവസാനിക്കുന്നു. പ്രസ്തുത സർവേ ഓരോ കുടുംബത്തിൻേറയും ഉപഭോക്തൃചെലവ്, തൊഴിലില്ലായ്മ, കൈവശഭൂമി, കാർഷിക േകതര സംരംഭം, ജനനമരണം തുടങ്ങിയവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു.

1993 ജനുവരി മുതൽ ജൂൺ 1993 അവസാനിക്കുന്ന ആറു മാസകാലയളവിലുള്ള 49-ാം റൗണ്ട് സർവേ ഭവന സ്ഥിതി, കുടിയേററം എന്നിവയെ ക്കുറിച്ചുള്ള വിവരങ്ങളാണ് ശേഖരിച്ചത്. എന്നാൽ ചേരി പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന കൊടുത്തുകൊണ്ടാണ് ഈ സർവേ നടത്തിയത്. കൂടാതെ ആ റൗണ്ടിൽ പ്രതിമാസ ഗാർഹിക ചെലവുകളെ സംബന്ധിച്ച വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്.

50-ാമതു റൗണ്ട് സർവേയിൽ 256 സാമ്പിളുകൾ ഗ്രാമ പ്രദേശങ്ങളിലും 184 സാമ്പിളുകൾ പട്ടണങ്ങളിലുമായിട്ടാണ് നടന്നു വന്നത്. കൂടാതെ, നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ ഈ കാലയളവിൽ തുല്യ സാമ്പിളുകളിൽ സർവേ നടത്തി വരുന്നുണ്ട്.

47-ാമത് റൗണ്ട് സർവേ സംബന്ധമായ ഷെഡ്യൂളുകളിൽ ടാബുലേഷൻ ഭാഗികമായി കഴിഞ്ഞു. ബാക്കി ഷെഡ്യൂളുകൾ കമ്പ്യൂട്ടർ സെക്ഷനിൽ ഡേററാ എൻട്രി നടത്തുന്നതിനുവേണ്ടി ഏൽപ്പിച്ചിട്ടുണ്ട്.

44-ാമത് റൗണ്ടിൻെറ ഷെഡ്യൂളുകൾ സൂക്ഷ്മ പരിശോധന നടന്നുവരുന്നു, 50-ാം റൗണ്ട് സർവേ സംബന്ധമായ ഷെഡ്യൂളുകൾ ആദ്യ പരിശോധന കഴിഞ്ഞ് ജില്ലകളിലേക്ക് തിരിച്ചയച്ചിട്ടുണ്ട്.

## വിലയിരുത്തൽ സർവേകൾ.

നടപ്പിലാക്കിയ മണ്ണ് സംരക്ഷണ വകുപ്പു മുഖേന വിവിധ ജില്ലകളിൽ നടപ്പിലാക്കിയ
മണ്ണു സംരക്ഷണ പദ്ധതികളുടെ ഒരു വിലയിരുത്തൽ പഠനം എല്ലാ വർഷവും
നടത്തി വരുന്നു. പ്രത്യേക തൊഴിൽദാന പദ്ധതി, വായ്പാ പദ്ധതി
എന്നിവവഴി പൂർത്തീകരിച്ച പദ്ധതികളാണ് ഈ പഠനത്തിൽ ഉൾപ്പെടു
ത്തിയിട്ടുള്ളത്.

1985-ന് ശേഷം പൂർത്തീകരിച്ച പദ്ധതികളിൽ നിന്നും സാമ്പിളുകൾ
തെരെഞ്ഞെടുത്തു ഗുണഭോക്താക്കളിൽ നിന്നും 1991-92-ലെ വിവരങ്ങൾ
ശേഖരിക്കാനായി 1992 ജൂലായ് മുതൽ നടത്തിയ സർവേ 1993 ജൂണിൽ
അവസാനിച്ചു. അതിന്റെ ടാബുലേഷൻ ജോലികൾ നടന്നുകൊണ്ടിരിക്കുന്നു.
1992-1993-ലെ വിവരങ്ങൾ ശേഖരിക്കാനായിട്ടുള്ള സർവേ ആരംഭിച്ചു
കഴിഞ്ഞു. 1986-87-ലെ കൊല്ലം ജില്ലയുടെ റിപ്പോർട്ട് അച്ചടിയിലാണ്.

## സർവേകളും പഠനങ്ങളും

റിപ്പോർട്ടു വർഷത്തിൽ സംസ്ഥാനത്തു നിന്നും ഗൾഫു നാടുകളിലും
മററും പോയി കുടിയേറിപ്പാർക്കുകയും തിരികെ വരുകയും ചെയ്തിട്ടുള്ള
വരെ സംബന്ധിച്ചുള്ള ഒരു കുടിയേററസർവേ നടത്തുകയും അതിന്റെ
റിപ്പോർട്ടു പ്രസിദ്ധീകരിക്കുകയും ചെയ്തു.

റിപ്പോർട്ടു വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ സംരംഭക വ്യവസായ
യൂണിററുകളെക്കുറിച്ചുള്ള സർവേ നടത്തുകയും ടാബുലേഷൻ ജോലികൾ
ആരംഭിക്കുകയും ചെയ്തു. റിപ്പോർട്ടു ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

അതിന് പുറമേ, ഉപഭോഗ സമ്പാദ്യ ശീലങ്ങളെ സംബന്ധിക്കുന്ന
വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു കൺസ്യൂമർ എക്സ്പെൻഡിച്ചർ
സർവേ നടന്നുവരുന്നു.

## സംസ്ഥാന വരുമാനം

കേരള സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലെ വരുമാന നിർണ്ണയ
ത്തിന് ആവശ്യമായ വിവരങ്ങൾ വിവിധ തലങ്ങളിൽ നിന്നും ശേഖരിച്ച്
അവ ക്രോഡീകരിച്ച് സംസ്ഥാനത്തിന്റേയും ജില്ലകളുടേയും മൊത്ത
വരുമാനവും ആളോഹരി വരുമാനവും തിട്ടപ്പെടുത്തുകയാണ് ഈ വിഭാഗ
ത്തിന്റെ പ്രധാന പ്രവർത്തനം. കാലാകാലങ്ങളിൽ ലഭ്യമാകുന്ന കൂടുതൽ
വിവരങ്ങൾ ഉൾപ്പെടുത്തി മുൻ വർഷങ്ങളിലെ സംസ്ഥാന വരുമാനം
പുനർനിർണ്ണയിക്കുന്നു. ഈ പ്രക്രിയ റിപ്പോർട്ടുവർഷത്തിലും തുടരുക
യുണ്ടായി.

1980-1981 അടിസ്ഥാന വർഷമായി കണക്കാക്കിയിട്ടുള്ള പുതിയ
പരമ്പരയിൽ 1990-1991 വർഷത്തിലെ സംസ്ഥാനത്തിന്റെ മൊത്തവരുമാനം,
ആളോഹരി വരുമാനം ഇവ കേന്ദ്രവും സംസ്ഥാനവും തയ്യാറാക്കിയ
സ്റേറററ്മെൻറുകളിൻമേൽ 25-10-1993 മുതൽ 29-10-1993 വരെ
ന്യൂഡൽഹിയിൽ സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനിൽ
വച്ച് നടന്ന ചർച്ചയിൽ ഈ വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
പങ്കെടുക്കുകയും കേന്ദ്ര നിർദ്ദേശാനുസരണം മൊത്ത വരുമാനത്തിലും
ആളോഹരി വരുമാനത്തിലും വേണ്ട മാററങ്ങൾ വരുത്തുകയും ചെയ്തു.

പുതിയ പരമ്പരയിൽ 1980-81 മുതൽ 1993-94 വരെ സംസ്ഥാന
ത്തിന്റേയും 1980-81 മുതൽ 1992-93 വരെ ജില്ലകളുടെയും മൊത്ത
വരുമാനവും ആളോഹരി വരുമാനവും നടപ്പു സാമ്പത്തിക വർഷത്തിൽ
തയ്യാറാക്കിയിട്ടുണ്ട്.

റിപ്പോർട്ടു വർഷത്തിൽ 1985-86 മുതൽ 1988-89 വരെയുള്ള മൂലധന നിർണ്ണയം സംബന്ധിച്ച റിപ്പോർട്ടു പ്രസിദ്ധീകരിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്.

1991-92 സാമ്പത്തിക വർഷത്തിലെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക തരംതിരിക്കൽ കണക്കുകൾ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ റിപ്പോർട്ടു വർഷത്തിൽ പുരോഗമിച്ചുവരുന്നു.

## 1980-81 മുതൽ 1993-94 വരെയുള്ള മൊത്ത വരുമാനവും (അററാദായം) ആളോഹരി വരുമാനവും കാണിക്കുന്ന പട്ടിക

| വർഷം | തനതുവർഷവിലകൾ | | അടിസ്ഥാന വർഷവിലകൾ | |
|---|---|---|---|---|
| | മൊത്തവരുമാനം (രൂപ ലക്ഷത്തിൽ) | ആളോഹരി വരുമാനം (രൂപയിൽ) | മൊത്തവരുമാനം (രൂപ ലക്ഷത്തിൽ) | ആളോഹരി വരുമാനം (രൂപയിൽ) |
| 1980-81 | 382273 | 1508 | 382273 | 1508 |
| 1981-82 | 404973 | 1576 | 377481 | 1469 |
| 1982-83 | 471150 | 1809 | 386851 | 1485 |
| 1983-84 | 552328 | 2092 | 371168 | 1406 |
| 1984-85 | 614145 | 2296 | 394158 | 1473 |
| 1985-86 | 650341 | 2398 | 408636 | 1507 |
| 1986-87 | 735437 | 2676 | 399297 | 1453 |
| 1987-88 | 825756 | 2937 | 416563 | 1482 |
| 1988-89 | 918172 | 3233 | 458410 | 1614 |
| 1989-90 | 1066768 | 3718 | 489236 | 1705 |
| 1990-91 | 1219494 | 4207 | 526937 | 1818 |
| 1991-92 (താല്ക്കാലികം) | 1353530 | 4607 | 560833 | 1909 |
| 1992-93 (ശീഘ്രകണക്ക്) | 1508169 | 5065 | 602287 | 2023 |
| 1993-94 (മുൻകൂർകണക്ക്) | 1694455 | 5615 | 648461 | 2149 |

### കമ്പ്യൂട്ടർവൽക്കരണം

കമ്പ്യൂട്ടർ പ്രവർത്തനത്തെ സംബന്ധിക്കുന്ന 'പ്രോഗ്രാം' പാക്കേജുകൾ 'ഡേററാ എൻട്രി' വാലിഡേഷൻ 'പ്രോസസിംഗ് ടേബിൾ ജനറേഷൻ' എന്നീ ജോലികൾ ഈ ഡിവിഷനിൽതന്നെ നിർവഹിക്കുന്നു.

50 അവശ്യ സാധനങ്ങളുടെ ദൈനംദിന വിലയെ സംബന്ധിക്കുന്ന കമ്പയിലേഷനും വിശകലനവും ദിനംപ്രതി നടത്തി അവയുടെ പ്രിൻറൗട്ടുകൾ നല്കുന്നു. ഇവയുടെ മാസ ശരാശരി വിലയെക്കുറിക്കുന്ന റിപ്പോർട്ടും തയ്യാറാക്കി അതാതു മാസം നല്കുന്നു.

15 കേന്ദ്രങ്ങളിലെ ഉപഭോക്തൃവില സൂചിക, കാർഷികവ്യാവസായിക തൊഴിലാളികൾക്കു ഉപയുക്തമാകും വിധം തയ്യാറാക്കി പ്രിന്റൗട്ട് അതാതു മാസം നല്കുന്നു.

1989-ലെ വൈററൽ സ്ററാററിസ്ററിക്സ് റിപ്പോർട്ട് പ്രസിദ്ധീകരണത്തിനും, കേന്ദ്ര ഗവൺമെൻറിലേക്കു അയക്കേണ്ടതുമായ പട്ടികകൾക്കു വേണ്ടിയുള്ള ഡേററാ എൻട്രി, പ്രോസസിംഗ്, പട്ടികകൾ തയ്യാറാക്കൽ എന്നിവ യഥാസമയം പൂർത്തീകരിച്ചിട്ടുണ്ട്.

43-ാമതു റൗണ്ട് നാഷണൽ സാമ്പിൾ സർവേ നടത്തിയ ഉപഭോക്തൃ ചെലവുകളെ സംബന്ധിച്ചുള്ള സർവേയുടെ പ്രോസസിംഗ് നടത്തി ആവശ്യമായ ടേബിളുകൾ എടുത്തിട്ടുണ്ട്.

1991 കാർഷിക സെൻസസിനെ സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട വിഭാഗത്തിനു നല്കുകയുണ്ടായി.

1996-ലെ വൈററൽ സ്ററാററിസ്ററിക്സിനെ സംബന്ധിച്ചിട്ടുള്ള, ഡേററ എൻട്രി, പ്രോസസിംഗ് ടേബിൾ ജനറേഷൻ എന്നിവ പൂർത്തീകരിച്ചു കൊടുക്കുക ഉണ്ടായി.

നാഷണൽ സാമ്പിൾ സർവേ വിഭാഗം നടത്തിയ 'ഹൗസ്ഹോൾഡ് സർവേ ഓൺ എംപ്ലോയ്മെൻറ് ആൻറ് അൺ എംപ്ലോയ്മെൻറ്'ന്റെ ഡേററാ എൻട്രി, വാലിഡേഷൻ, റീവാലിഡേഷൻ എന്നിവ നടത്തി നിർദ്ദേശിക്കപ്പെട്ട പട്ടിക രൂപത്തിലാക്കി പ്രസ്തുത വിഭാഗത്തിലേല്പിച്ചു.

1991-ലെ കാർഷിക സെൻസസിലെ ജില്ലാതല കാർഷികവിള ഭൂമികളുടെ മൊത്ത എണ്ണവും വിസ്തീർണ്ണവും പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ജില്ലാതിരിച്ചുള്ള മൊത്ത കാർഷികവിളകളുടെ ആകെ എണ്ണവും വിസ്തീർണ്ണവും സ്മാൾ മാർജിനൽ, മീഡിയം, സെമിമീഡിയം എന്നിങ്ങനെയുള്ള കാർഷിക വിളഭൂമി വിതരണത്തിന്റെ വിശദാംശങ്ങൾ അടങ്ങിയ പട്ടികകൾ തൃപ്തികരമായ രീതിയിൽ തയ്യാറാക്കി ബന്ധപ്പെട്ട ഡിവിഷനു നല്കുകയുണ്ടായി.

നെററ് സ്റേററ് ഡോമസ്ററിക് പ്രോഡക്ററ് (എൻ. എസ്. ഡി. പി.) ഗ്രോസസ് സ്റേററ് ഡോമസ്ററിക് പ്രോഡക്ട് (ജി. എസ്. ഡി. പി) കറണ്ട് പ്രൈസസിലും കോൺസ്ററൻറു പ്രൈസസിലും തയ്യാറാക്കി പ്രിൻറ് എടുത്തു.

ഫിഷറീസ് വകുപ്പിന് 'സർട്ടിഫിക്കററ് ഓഫ് രജിസ്ട്രേഷൻ ഓഫ് ക്രാഫ്ററിന്റെ' രൂപകല്പന നടത്തികൊടുത്തു.

മൈഗ്രേഷൻ സർവേയുടെ ഡേററാ എൻട്രി, വാലിഡേഷൻ, പ്രോസസിംഗ് തുടങ്ങിയ ജോലികൾ നിർവഹിച്ചു പട്ടികകൾ തയ്യാറാക്കി പ്രസ്തുത വിഭാഗത്തിനു നല്കുകയുണ്ടായി.

സി. എം. ഐ. ഇ. പ്രസിദ്ധീകരിച്ച 14 ജില്ലകളുടേയും പ്രൊഫൈൽസ് കമ്പ്യൂട്ടറിന്റെ സഹായത്തോടെ തയ്യാറാക്കി.

സ്ററാററിസ്ററിക്സ് ഫോർ പ്ലാനിംഗിനുവേണ്ടി സാമ്പത്തിക സെൻസസ്- 1990 നെക്കുറിക്കുന്ന 4 ടേബിൾസു തയ്യാറാക്കി പ്രസിദ്ധീകരണ വിഭാഗത്തിനു നല്കുകയുണ്ടായി.

പഞ്ചായത്തുതല അടിസ്ഥാന സംഖ്യാപരമായ വിവരശേഖരണത്തിനാവശ്യമായ ഫോർമേററുകൾ തയ്യാറാക്കുകയും ആവശ്യമായ പ്രിൻറൗട്ടുകൾ എടുക്കുകയും ചെയ്തു.

## ആസൂത്രണവും ഏകോപനവും

**എ. ആസൂത്രണം.**—സംസ്ഥാനത്തെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി ഈ വകുപ്പു ഏറ്റെടുത്തു നടത്തുവാൻ ഉദ്ദേശിക്കുന്ന പ്ലാൻ പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്തു പ്രതിമാസ ത്രൈമാസിക റിപ്പോർട്ടുകൾ തയ്യാറാക്കി അവ യഥാക്രമം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നൽകുക എന്നിവയാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി.

### 1993-94 വർഷത്തേക്ക് വകകൊള്ളിച്ച തുകയും വിവിധ വിഭാഗങ്ങളിലേക്കു ചെലവഴിച്ച തുകയും (രൂപ ലക്ഷത്തിൽ)

| സ്കീമുകൾ | ബഡ്ജറ്റിൽ വക കൊള്ളിച്ചത് | ചെലവഴിച്ചത് |
|---|---|---|
| സംഗണക വിഭാഗം ശക്തിപ്പെടുത്തുന്നതിന് | 6.00 | 0.80 |
| വാഹനങ്ങൾ വാങ്ങുന്നതിന് | 2.50 | 0.12 |
| സ്ഥിതി വിവരക്കണക്കു വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്ന പദ്ധതി | 2.50 | 0.15 |
| സർവേയും പഠനങ്ങളും | 18.00 | 2.41 |
| അതാതു കാലത്തെ കാർഷിക സ്ഥിതി വിവരക്കണക്കുകൾ റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ടിയുള്ള സർവേ (ഇറാസ്) ഇ.എ.ആർ.എ.എസ്. (50% കേന്ദ്ര സഹായം) | 320.00 | 311.91 |
| സാമ്പത്തിക സെൻസസ് (100% കേന്ദ്ര സഹായം) | 1.00 | 0.05 |
| ചെറുകിട ജലസേചനങ്ങളെക്കുറിച്ച് യുക്തമായി സമർപ്പിക്കുന്ന സ്ഥിതി വിവരക്കണക്കുകൾ (100% കേന്ദ്രസഹായം) | 5.00 | 5.20 |
| കാർഷിക സെൻസസ് (100% കേന്ദ്രസഹായം) | 27.00 | 20.33 |
| ആകെ | 382.00 | 340.97 |

ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് സാങ്കേതിക പരിശീലനം ലഭിക്കുന്നതിനുവേണ്ടി വിവിധ പരിശീലനം ലഭിക്കുന്നതിനുവേണ്ടി വിവിധ പരിശീലന കേന്ദ്രത്തിലേക്ക് തെരഞ്ഞെടുത്ത് അയയ്ക്കുന്ന ജോലിയും ഈ വിഭാഗമാണ് നിർവഹിക്കുന്നത്. നടപ്പു സാമ്പത്തിക വർഷത്തിൽ (1993-94) 50 (അൻപത്) ഉദ്യോഗസ്ഥൻമാരെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ തിരുവനന്തപുരം കേന്ദ്രത്തിലേക്ക് പരിശീലനത്തിനായി നിയോഗിക്കുകയുണ്ടായി.

**ബി. ഏകോപനം.**—വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുകയാണ് ഈ വിഭാഗത്തിന്റെ ചുമതല.

കാലാകാലങ്ങളിൽ പ്രസ്തുത വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സെല്ലുകളെ ഏകോപിച്ചു യോഗങ്ങൾ സംഘടിപ്പിച്ചു അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് സെല്ലുകളുടെ ഭാവിപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

സി. ഔദ്യോഗിക ഭാഷ .—ഭരണതലത്തിൽ ഔദ്യോഗിക ഭാഷ മലയാളമാക്കുക എന്ന സർക്കാർ നയം ഈ വകുപ്പിലും നടപ്പിലാക്കുക എന്നതാണ് ഈ വിഭാഗത്തിലെ പ്രധാന ചുമതല. ഔദ്യോഗികഭാഷ മലയാളമാക്കുന്നതു സംബന്ധിച്ചു സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും ഈ വകുപ്പിന്റെ വിവിധ തലങ്ങളിൽ എത്തിച്ചുകൊടുക്കുകയും, താലൂക്ക്, ജില്ലാ സംസ്ഥാന തലങ്ങളിൽ മലയാളമാക്കുന്നതു സംബന്ധിച്ച് ലഭിക്കുന്ന പുരോഗതിയുടെ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിനു സമർപ്പിക്കുകയുമാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ.

റിപ്പോർട്ട് വർഷത്തിൽ ജില്ലാ താലൂക്ക് തലങ്ങളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിൽ ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. ഈ വകുപ്പ് സാങ്കേതിക വകുപ്പായതിനാലും കേന്ദ്ര സർക്കാർ ആവിഷ്ക്കരിക്കുന്ന പല പദ്ധതികൾ നടപ്പിലാക്കേണ്ടതുകൊണ്ടും ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് പൂർണ്ണമായും നടപ്പിലാക്കുവാൻ പ്രയാസമാണ്.

## പ്രസിദ്ധീകരണം

ഈ വകുപ്പിൽ നടത്തുന്ന സർവേകളും, പഠനങ്ങളും, റിപ്പോർട്ടുകളും പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യുകയുമാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി. സ്ഥിതി വിവരക്കണക്കുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക ഈ വിഭാഗത്തിന്റെ പ്രധാന ചുമതലയിൽ വരുന്നു.

വിവിധ സർവേകൾക്ക് ആവശ്യമായ ഫാറങ്ങൾ ജില്ലകളിൽ എത്തിക്കുകയും, പൂരിപ്പിച്ച ഫാറങ്ങൾ ഹെഡ് ഓഫീസിൽ എത്തിക്കുന്നത് വിവിധ സെക്ഷനുകളിൽ ടാബുലേഷനുവേണ്ടിയും പഠനങ്ങൾക്കു വേണ്ടിയും എത്തിക്കുകയും ചെയ്യുന്നത് ഈ വകുപ്പാണ്.

## ലൈബ്രറി

1973 മുതൽ ഈ വകുപ്പിനോടനുബന്ധിച്ച് ലൈബ്രറി പ്രവർത്തിച്ചു വരുന്നു. ഏകദേശം 6000 പുസ്തകങ്ങളുടെ ശേഖരമുള്ള ഈ ലൈബ്രറിയിൽ ദേശീയ അന്തർദേശീയ തലത്തിലുള്ള സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ സ്ഥിരമായി വരുത്തുകയും സൂക്ഷിക്കുകയും ചെയ്യുന്നു. ഇത്തരം വിഷയങ്ങളെ സംബന്ധിച്ച പഠന വിദ്യാർത്ഥികളും സംസ്ഥാന തലത്തിലെ മററു വകുപ്പുകളിൽ നിന്നും വിവരശേഖരവും നിരന്തരം ലൈബ്രറിയിൽ എത്തുന്നുണ്ട്.

ഈ വകുപ്പിനോടനുബന്ധിച്ച് ഒരു റോട്ടാപ്രിന്റിംഗ് പ്രസ്സ് പ്രവർത്തിക്കുന്നു.

ഈ വിഭാഗത്തിൽ നിന്നും താഴെപ്പറയുന്ന റിപ്പോർട്ടുകൾ 1993-94 വർഷത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

1. അഗ്രിക്കൾച്ചറൽ സ്ററാററിസ്ററിക്സ് ഓഫ് കേരള 1990-91.
2. എക്കണോമിക്സ് ക്ലാസിഫിക്കേഷൻ ഓഫ് ബഡ്ജററ് ഓഫ് മുനിസിപ്പാലിററീസ് ആൻറ് കോർപ്പറേഷൻ ഓഫ് കേരള.

3. ഇവാല്യൂവേഷൻ സ്ററഡീസ് ഓൺ സോയിൽ കൺസർവേഷൻ പ്രോഗ്രാം
4. റസിഡൻഷ്യൽ വൈററൽറേററ്സ് 1988
5. ന്യൂസ്ലററർ 1993
6. വൈററൽ സ്റററാററിസ്ററിക്സ് ബുള്ളററിൻ നമ്പർ-51
7. ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് 1986-87
8. അഗ്രിക്കംച്ചറൽ സ്റററാററിസ്ററിക്സ് ഓഫ് കേരള 1991-92
9. കോസ്റ്റ് ഓഫ് കൾട്ടിവേഷൻ ഓഫ് ഇംപോർട്ടൻറ് ക്രോപ്സ് ഓഫ് കേരള 1990- 91.
10. വൈററൽ സ്റററാററിസ്ററിക്സ് ബുള്ളററിൻ നമ്പർ-53
11. അഗ്രിക്കംച്ചറൽ സെൻസസ് 1990-91
12. ക്രോപ്കട്ടിംഗ് സർവേ ഓൺ വിൻറർ ആൻറ് സമ്മർ ക്രോപ്സ് ഓഫ് പാഡി
13. കൺസോളിഡേററഡ് റിസർട്ട് ഓഫ് ക്രോപ്സ് എസ്ററിമേററ് സർവേ 1989-90
14. റിപ്പോർട്ട് ഓൺ മൈഗ്രേഷൻ സർവേ 1992-93
15 ആനുവൽ റിപ്പോർട്ട് ഓൺ സാമ്പിൾ രജിസ്ട്രേഷൻ സിസ്ററം ഇൻ കേരള (റൂറൽ) 1990
16. റസിഡൻഷ്യൽ വൈററൽ റേററ്സ് ഇൻ കോർപ്പറേഷൻ ആൻറ് മുനിസിപ്പാലിററീസ് 1989


## 1993-94 പദ്ധതി പദ്ധതിയേതര ആവശ്യങ്ങൾക്കനുവദിച്ച തുകയും ചെലവായ തുകയും

| | പ്ലാൻ സ്കീം | അനുവദിച്ച തുക | ചെലവായ തുക |
|---|---|---|---|
| 1. | ഇറാസ് (ടി. ആർ. എസ്.) (50% കേന്ദ്രസഹായം) | 3,20,00,000 | 3,11,90,703 |
| 2. | അഗ്രിക്കംച്ചറൽ സെൻസസ് (100% കേന്ദ്രസഹായം) | 27,00,000 | 20,33,225 |
| 3. | നാഷണലൈസേഷൻ ഓഫ് മൈനർ ഇറിഗേഷൻ (100% കേന്ദ്രസഹായം) | 5,00,000 | 5,20,281 |
| 4. | സർവേകളും പഠനങ്ങളും | 18,00,000 | 2,41,068 |
| 5. | സംഗണക വിഭാഗം ശക്തിപ്പെടുത്തുന്നതിന് | 6,00,000 | 80,127 |
| 6. | ഉദ്യോഗസ്ഥൻമാരുടെ പരിശീലനം | 2,50,000 | 15,357 |
| 7. | വണ്ടി വാങ്ങുന്നതിന് | 2,50,000 | 12,402 |
| 8. | എക്കണോമിക് സെൻസസ് (100% കേന്ദ്രസഹായം) | 1,00,000 | 4,532 |
| | ആകെ | 3,82,00,000 | 3,40,97,695 |

| | നോൺപ്ലാൻ | അനുവദിച്ച തുക | ചെലവായ തുക |
|---|---|---|---|
| 1. | ബി.ഇ.എസ്. | 3,48,33,000 | 2,83,60,920 |
| 2. | മുനിസിപ്പൽ പ്രദേശത്തെ ജനന മരണ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുന്നതിന് | 22,27,700 | 19,65,831 |
| 3. | നാഷണൽ സാമ്പിൾ സർവേ | 25,97,509 | 21,18,149 |
| 4. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവരശേഖരണം ശക്തിപ്പെടുത്തുന്നതിന് | 41,10,000 | 29,49,453 |
| 5. | സർവേയും പഠനങ്ങളും | 19,54,500 | 16,71,979 |
| 6. | വിലയിരുത്തൽ ഘടകം | 8,63,500 | 6,98,835 |
| 7. | സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം | 6,59,600 | 4,28,049 |
| 8. | ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്കൽ സെൽ | 5,97,000 | 3,05,041 |
| 9. | മണ്ണൊലിപ്പു നിവാരണ പദ്ധതി | 4,21,000 | 2,83,417 |
| 10. | വ്യവസായ സ്ഥിതി വിവരണ കണക്കു വിഭാഗം | 6,09,000 | 1,90,940 |
| | ആകെ | 4,88,72,800 | 3,89,72,614 |

DIRECTORATE OF ECONOMICS AND STATISTICS

**Organisation Chart-1993**



## DISTRICT OFFICE

- Deputy Director
  - District Officer
    - R. O.
    - P. S. O.
    - A. D. O.
    - T. S. O.

R.O.—Research Officer

P.S.O.—Price Supervisory Officer

A.D.O.—Additional District Officer

I.S.O.—Taluk Statistical Officer

## ABBREVIATION

| | |
|---|---|
| SI | ..State Income |
| S &D | ..Survey and Design |
| EARAS | ..Establishment of un Ageny for Reporting Agricultural Statistics |
| AC | ..Agricultural Census |
| EVA | ..Evaluation |
| CD | ..Computer Division |
| VS | ..Vital Statistics |
| ASI | ..Annual Survey of Industries |
| IIP | ..Index of Industrial Production |
| NSS | ..National Sample Survey |
| L & H | ..Labour and Housing |
| PR | ..Prices |
| MI | ..Market Intelligence |
| PUB | ..Publication |
| SR | ..Sample Registration |
| PLG | ..Planning |
| A.D. | ..Assistant Director |
| R.S.O. | ..Regional Statistical Officer |
| A.A. | ..Administrative Assistant |
| S.O. | ..Scrutiny Officer |
| RO | ..Research Officer |
| D.O. | ..Documentation Officer |
| S.S. | ..Senior Superintendent |

909